milma®

Malabar Regional Co-operative Milk Producers' Union Ltd.

Head Office, Peringolam, Kunnamangalam, Kozhikode-673571, Kerala

No:MRU:P&I:15:MLP:.75 27.04.2022

## സർക്കുലർ 868/2022

വിഷയം:- അംഗ സംഘങ്ങൾക്ക് കൈകാര്യ ചെലവുകൾക്കായി അധിക പാൽവില നൽകുന്നത് സംബന്ധിച്ച്-

സൂചന:- 1) മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 31.03.2022 തിയ്യതിയിലെ 6-ാം നമ്പർ തീരുമാനം.
2) മലബാർ മേഖലാ യൂണിയന്റെ 12.04.2022 തീയ്യതിയിലെ 866/2022 നമ്പർ സർക്കുലർ.

മലബാർ മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയൻ, മാർച്ച് 1 മുതൽ 31 വരെ മിൽമയിലേക്ക് നൽകിയ മുഴുവൻ പാലിനും ലിറ്ററിന് 3 രൂപ പ്രകാരം അധികവിലയായി ക്ഷീരസംഘങ്ങൾക്ക് കൈമാറി. ആയത് സൂചന (2) പ്രകാരം അറിയിക്കുകയും ചെയ്തിരുന്നു. ആയതിനു പുറമെ, അംഗ സംഘങ്ങൾ മേൽ കാലയളവിൽ മിൽമയ്ക്ക് നൽകിയ പാലളവിന് അനുസൃതമായി കൈകാര്യ ചെലവുകൾക്കായി അധിക പാൽവില നൽകുന്നതിനും ഈ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ആനുകൂല്യം സംഘങ്ങൾ മുഖേന അനുവദിക്കുന്നതിനും, മലബാർ മേഖലാ യൂണിയൻ ഭരണസമിതി തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

പാൽ സംഭരണത്തിന്റെ അടിസ്ഥാനത്തിൽ സംഘങ്ങളെ വിവിധ സ്ലാബുകളാക്കി തരംതിരിച്ച് സംഘങ്ങൾ നൽകിയ പാലളവിന്റെ അടിസ്ഥാനത്തിലാണ് ഈ ആനുകൂല്യം അനുവദിക്കുന്നത്. 2022 ഏപ്രിൽ 21 മുതൽ 30 വരെയുള്ള പാൽ വിലയിലൂടെ പ്രസ്തുത തുക സംഘങ്ങൾക്ക് അനുവദിക്കുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

യൂണിയന് പാൽ നൽകുന്ന എല്ലാ അംഗ സംഘങ്ങൾക്കും

പകർപ്പ്- സീനിയർ മാനേജർ, കോഴിക്കോട് ഡെയറി
എല്ലാ ഡെയറി / ചില്ലിംഗ് പ്ലാന്റ് മാനേജർമാർക്കും
ജില്ല/പി & ഐ യൂണിറ്റ് മേധാവികൾ, മാനേജർ, സി.പി.ഡി,
ഡിപ്പാർട്ട്മെന്റ് ഹെഡ്സ്, എച്ച്.ഒ, പി.എസ്സ്. റ്റു എം.ഡി,
അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)

M. R. C. M. P. U. LTD.
DESPATCHED
Date: 28/4/22



Website: www.malabarmilma.com • E-mail: mrcmpu@malabarmilma.coop • Phone: 0495-2805400, 2805439 • Fax: 2800648